©
കേരള സർക്കാർ
Government of Kerala
2024

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY
ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 13<br>Vol. XIII | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2024 ഒക്ടോബർ 29<br>29th October 2024<br>1200 തുലാം 13<br>13th Thulam 1200<br>1946 കാർത്തികം 7<br>7th Karthika 1946 | നമ്പർ<br>No. 3451 |

## ഹരിപ്പാട് നഗരസഭ
### വിജ്ഞാപനം

ടിപി-11/3/2024 *2024 ഒക്ടോബർ 24*

2016 ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ട് -2016-ലെ 9-ാം ആക്ട് 36-ാം വകുപ്പ് 1-ാം ഉപവകുപ്പ് പ്രകാരം ഹരിപ്പാട് പട്ടണത്തിന് വേണ്ടിയുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് സംബന്ധിച്ചുള്ള ഫാറം- I I നോട്ടീസ് ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു.

(ഒപ്പ്)

സെക്രട്ടറി

ഹരിപ്പാട് നഗരസഭ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഫാറം-I I

(ചട്ടം 16(1) കാണുക)

**ഹരിപ്പാട് നഗരസഭ കൗൺസിൽ**

2016 ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ട് -2016-ലെ 9-ാം ആക്ട് 36-ാം വകുപ്പ് 1-ാം ഉപവകുപ്പ് പ്രകാരം ഹരിപ്പാട് പട്ടണത്തിന് വേണ്ടിയുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് ഉള്ള ഉദ്ദേശ്യത്തിന്റെ വിജ്ഞാപനം

(2018 ൽ സംസ്ഥാനത്തു സംഭവിച്ച മഹാപ്രളയത്തിന്റെ പശ്ചാത്തലത്തിൽ നവകേരള സൃഷ്ടിക്കായുള്ള ശ്രമങ്ങളുടെ ഭാഗമായി പ്രകൃതി ദുരന്തങ്ങളെ ഫലപ്രദമായി നേരിടുന്നതിനുതകുന്ന തരത്തിൽ സംസ്ഥാനത്തിന്റെ ദുരന്ത പ്രതിരോധശേഷി മെച്ചപ്പെടുത്തുന്നതിനു വേണ്ടി പമ്പാ നദീതടപ്രദേശത്ത് വരുന്ന നഗര പ്രദേശങ്ങളുടെ ദുരന്തസാധ്യത തിരിച്ചറിഞ്ഞുകൊണ്ടുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള സർക്കാർ നിർദ്ദേശത്തന്റെ അടിസ്ഥാനത്തിൽ 2016 ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ടിന്റെ വ്യവസ്ഥകൾ പ്രകാരം ഹരിപ്പാട് പട്ടണത്തിന് വേണ്ടി റിസ്ക് ഇൻഫോംഡ് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള ഉദ്ദേശം വിജ്ഞാപനം ചെയ്യുന്നു)

2016 ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ടിലെ 36-ാം വകുപ്പ് 1-ാം ഉപവകുപ്പ് പ്രകാരം ഹരിപ്പാട് നഗരസഭയിൽ കൗൺസിൽ താഴെ വിശദമാക്കിയിരിക്കുന്ന അതിരുകളോട് കൂടിയ ആസൂത്രണ പ്രദേശത്തിന് വേണ്ടി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ 12/06/2024 -ാം തീയതിയിൽ നടന്ന യോഗത്തിലെ (1), (2), (3), (4) നമ്പർ പ്രമേയം പ്രകാരം തീരുമാനിച്ചിരിക്കുന്നു.

(എ) അതിരുകൾ:

വടക്ക്: ചെറുതന ഗ്രാമപഞ്ചായത്ത് & വീയപുരം ഗ്രാമപഞ്ചായത്ത്

കിഴക്ക്: പള്ളിപ്പാട് ഗ്രാമപഞ്ചായത്ത്

തെക്ക്: ചിങ്ങോലി ഗ്രാമപഞ്ചായത്ത് & കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്ത്

പടിഞ്ഞാറ്: കുമാരപുരം ഗ്രാമപഞ്ചായത്ത് (ഡാണാപ്പടി-കാർത്തികപ്പള്ളി തോട്)

(ബി) ആസൂത്രണ പ്രദേശത്തിന്റെ ഏകദേശ വിസ്തൃതി: 1924 ഹെക്ടർ

2016 ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ടിലെ 36-ാം വകുപ്പ് 1-ാം ഉപവകുപ്പ് പ്രകാരം ടി വിവരം ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു.

(ഒപ്പ്) (ഒപ്പ്)

സെക്രട്ടറി ചെയർമാൻ

സ്ഥലം: ഹരിപ്പാട്

തീയതി: 24-10-2024

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2024

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2024.10.29 08:54:52 +05:30